I ഇ.ബി. XIII – കേരള നിയമസഭ/VII - 4

# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ഫെബ്രുവരി 7, വ്യാഴാഴ്ച

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

വനിതാ എം.എൽ.എ. മാരെ പോലീസ് മർദ്ദിച്ച സംഭവം

മി. സ്പീക്കർ : സൂര്യനെല്ലികേസ്സിൽ തുടരന്വേഷണം ആവശ്യപ്പെട്ട് 06-02-2013-ന് നിയമസഭാ കവാടത്തിലേയ്ക്ക് മാർച്ച് നടത്തിയ വിവിധ മഹിളാ സംഘടനകളുടെ നേരെ പോലീസ് നടത്തിയതായി പറയപ്പെടുന്ന അതിക്രമത്തിൽ എം.എൽ.എ.മാരായ ശ്രീമതിമാർ ഇ.എസ്. ബിജിമോൾ, ഗീതാഗോപി എന്നിവരുൾപ്പടെയുള്ള വനിതാനേതാക്കൾക്ക് പരിക്കേറ്റതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. സി. ദിവാകരൻ, മാത്യൂ.ടി. തോമസ്, എ.എ. അസീസ്, തോമസ് ചാണ്ടി,

ശ്രീമതി കെ.കെ. ലതിക എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രതിഷേധ സമരങ്ങൾ നിയമസഭാ കവാടത്തിനു മുന്നിൽ നടത്തുന്നത് ഒഴിവാക്കുകയാണ് കാലാകാലങ്ങളിലുള്ള പതിവ്. എന്നാൽ 6-2-2013-ൽ നടന്ന പ്രകടനത്തെ സംബന്ധിച്ച് സംഘടനകൾ മുന്നറിയിപ്പ് നൽകിയിരുന്നില്ല. ജി.വി. രാജ പവിലിയൻ ഭാഗത്തുനിന്നും രണ്ടുമൂന്ന് ചെറു വനിതാ സംഘങ്ങളായി വന്ന് പോലീസ് വലയം ഭേദിച്ച് നിയമസഭയുടെ പ്രധാന കവാടത്തിലെത്താൻ ശ്രമിച്ചപ്പോൾ വനിതാ പോലീസുകാർ മെയിൻ ഗേറ്റിൽ തടഞ്ഞതോടെ വികാസ് ഭവൻ, ഹനുമാൻ കോവിൽ എന്നീ ഭാഗങ്ങളിൽ നിന്നും കൂടുതൽ വനിതകൾ എത്തി പോലീസ് വലയം ഭേദിക്കാൻ ശ്രമിച്ചു. ഇതിനിടയിൽ നിയമസഭാ മന്ദിരത്തിന്റെ യുള്ളിൽ നിന്നും പുറത്തേക്ക് വന്ന എം.എൽ.എമാരായ ശ്രീമതിമാർ കെ.കെ. ലതിക, അയിഷാ പോറ്റി എന്നിവരും ഒരു വനിതാ എം.പി.യും ഒരു മുൻ വനിതാമന്ത്രിയും മുൻ വനിതാ എം.എൽ.എ. യും സമരക്കാരോടൊപ്പം ചേർന്നു. ജനപ്രതിനിധികളേയും മുൻനിരനേതാക്കളേയും ഒഴിവാക്കി നിയമസഭാ കവാടത്തിനുള്ളിലേയ്ക്ക് തള്ളിക്കയറാൻ ശ്രമിച്ച സമരക്കാരെ നന്ദാവനം എ.ആർ. ക്യാമ്പിലേയ്ക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്നതിനിടെ നേതാക്കളും പാർട്ടി പ്രവർത്തകരും പോലീസ് വാഹനത്തിനു മുന്നിൽ നിന്ന് തടസ്സം സൃഷ്ടിച്ചുവെങ്കിലും പോലീസ് ഉദ്യോഗസ്ഥർ 76 സമരക്കാരെ രണ്ട് പ്രാവശ്യമായി നന്ദാവനം എ.ആർ. ക്യാമ്പിലെത്തിച്ചു. അവരിൽ ചികിത്സ വേണമെന്നാവശ്യപ്പെട്ടവരെ മെഡിക്കൽ കോളേജ് ആശുപത്രിയിലെ

ത്തിക്കുകയും ചെയ്തു. ഉച്ചയ്ക്ക് 12.15 ഓടെ പ്രവർത്തകർ സമരം അവസാനിപ്പിച്ച് നേതാക്കൾ ജി.വി.രാജ പവിലിയൻ ഗേറ്റിലൂടെ പുറത്തിറങ്ങുകയും ഡ്യൂട്ടിയിലുണ്ടായിരുന്ന വനിതാ പോലീസുകാർ തടഞ്ഞു നിർത്തിയപ്പോൾ പോലീസ് വലയം ഭേദിക്കാൻ ശ്രമിക്കുകയും തുടർന്ന് സമരക്കാരിൽ കുറച്ചുപേരെ നീക്കം ചെയ്ത് ബസ്സിൽ കയറ്റി വാഹനം മുമ്പോട്ടെടുക്കാൻ തുടങ്ങവെ സ്ഥലത്തുണ്ടായിരുന്ന ശ്രീമതി ഇ.എസ്. ബിജിമോൾ എം.എൽ.എ ബസ്സിന്റെ മുൻവശം റോഡിൽ കുറുകെ കിടന്ന് തടസ്സം ഉണ്ടാക്കുകയും ചെയ്തു. ഇതുസംബന്ധിച്ച് പത്രമാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഇന്നലെ നടന്ന സംഭവത്തെക്കുറിച്ച് എ.ഡി.ജി.പി. ഹേമചന്ദ്രന്റെ അന്വേഷണറിപ്പോർട്ടും മറ്റു ബന്ധപ്പെട്ട രേഖകളും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്. പോലീസ് ആക്ട് പ്രകാരമാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

<u>ശ്രീ. സി. ദിവാകരൻ</u>: സൂര്യനെല്ലി കേസ് പുനരന്വേഷിക്കണമെന്നാവശ്യപ്പെട്ട് വിവിധ മഹിളാ സംഘടനകൾ സംയുക്തമായി നടത്തിയ പ്രതിഷേധ പ്രകടനത്തിനിടയിൽ ഇന്നലെയുണ്ടായ അതിക്രമങ്ങൾ തികച്ചും നിർഭാഗ്യകരമാണ്. എം.എൽ.എ.മാരായ ശ്രീമതിമാർ ഇ.എസ്. ബിജിമോൾ, ഗീതാ ഗോപി തുടങ്ങിയവരുടെ നേതൃത്വത്തിൽ സമാധാനപരമായിട്ടാണ് സമരം നടന്നത്. ആ സമരത്തെയാണ് പോലീസ് നിഷ്ഠൂരമായി നേരിട്ടത്. ശ്രീമതി ഇ.എസ്. ബിജിമോളുടെ കെട്ടുതാലി നഷ്ടപ്പെടുകയും അവർക്ക് ഗുരുതരമായി പരിക്ക് പറ്റുകയും ചെയ്തു. ശ്രീമതി ഗീതാഗോപിയോട് പോലീസ് പരുഷമായി സംസാരിക്കുകയും അവരുടെ കൈക്ക് മുറിവ് പറ്റുകയും ചെയ്തു. നിരവധി

വനിതാപ്രവർത്തകർ ആശുപത്രിയിലാണ്. വനിതാ എം.എൽ.എ.മാരുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യണമെന്ന ന്യായമായ ആവശ്യം മാത്രമാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. എന്നാൽ ഗവൺമെന്റ് വളരെ ലാഘവത്തോടെയാണ് ഈ വിഷയത്തെ സമീപിച്ചിട്ടുള്ളത്. സ്ത്രീകൾക്കെതിരെ നിരന്തരമായി ഉണ്ടാകുന്ന ഇത്തരം അതിക്രമങ്ങൾ ഭാരത സംസ്ക്കാരത്തിന് അപമാനകരമാണ്. ഏത് പ്രക്ഷുബ്ധമായ സാഹചര്യങ്ങളിലും സ്ത്രീകൾക്ക് സംരക്ഷണം നൽകേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. സൂര്യനെല്ലി കേസുമായി ബന്ധപ്പെട്ട പ്രതിപ്പട്ടികയിൽ ശിക്ഷിക്കപ്പെടാതെപോയവരെ സംബന്ധിച്ച് പുനരന്വേഷണം നടത്തണം. വനിതാനേതാക്കൾക്ക് നേരിടേണ്ടിവന്ന ക്രൂരമായ മർദ്ദനത്തെ ന്യായീകരിക്കുന്ന ഗവൺമെന്റ് നിലപാട് തികച്ചും പ്രതിഷേധാർഹമാണ്. ആക്രമണം നടത്തിയ പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുകയും വേണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> ഈ വിഷയം ജുഡീഷ്യൽ അന്വേഷണത്തിന് വിടാൻ സർക്കാർ തയ്യാറാണ്. സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> പ്രസ്തുത സംഭവം സംബന്ധിച്ച വീഡിയോ ദൃശ്യം പരിശോധിച്ചിട്ടും കുറ്റവാളികളെ കണ്ടെത്താനായിട്ടില്ലെന്ന എ.ഡി.ജി.പി.-യുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. വീഡിയോ ദൃശ്യം പ്രതിപക്ഷ നേതാക്കളുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാൻ സർക്കാർ തയ്യാറാണ്. ശ്രീമതിമാരായ ഇ.എസ്. ബിജിമോൾ, ഗീതാ ഗോപി എന്നിവർ നൽകിയ

പരാതി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. കുറ്റം ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ കഴിയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സൂര്യനെല്ലി കേസിന്റെ പുനരന്വേഷണ കാര്യത്തിലും വനിതാ എം.എൽ.എ.മാരെ ആക്രമിച്ച സംഭവത്തിലുമെല്ലാം സർക്കാർ സ്വീകരിച്ചിരിക്കുന്ന സമീപനത്തിൽ ശക്തമായി പ്രതിഷേധിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിന് മുൻപിൽ വന്ന് ബഹളം വച്ചുകൊണ്ടിരുന്നു)

**ശ്രദ്ധ ക്ഷണിക്കൽ**

**പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള ജലം ലഭ്യമാകാത്തത് സംബന്ധിച്**

ശ്രീ. കെ. അച്ചുതൻ: പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ചുള്ള വെള്ളം ലഭിക്കാത്തതുമൂലം ഏകദേശം മുപ്പതിനായിരം ഏക്കറോളം ഭൂമിയിലെ നെൽകൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. ആളിയാറിൽ നിന്ന് 42 കിലോമീറ്റർ വന്നാൽ മാത്രമേ ചിറ്റൂർ മേഖലയിൽ വെള്ളം ലഭിക്കുകയുള്ളു. ഇക്കാര്യം ഗൗരവത്തിലെടുത്ത് കൃഷിക്ക് വെള്ളമെത്തിക്കാനും കൃഷിനാശം സംഭവിച്ചവർക്ക് പരമാവധി നഷ്ടപരിഹാരം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനു മുന്നിൽ ബഹളം തുടരവേ പ്രതിപക്ഷത്തെ നാല് വനിതാ അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിലേക്ക് കയറി ബഹളം വച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ അജണ്ടയിലെ മറ്റ് നടപടികളിലേക്ക് കടന്നു. ഒന്നാമത്തെ ശ്രദ്ധക്ഷണിക്കലിനുള്ള ജലവിഭവ വകുപ്പുമന്ത്രിയുടെ മറുപടിയും സർവ്വശ്രീ കെ. ശിവദാസൻ

നായർ, സി. മോയിൻകുട്ടി, എൻ. ഷംസുദീൻ, കെ. മുഹമ്മദുണ്ണി ഹാജി, ലൂഡി ലൂയിസ്, ജോസഫ് വാഴയ്ക്കൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളുടെ സബ്മിഷനുകൾക്കുള്ള ബന്ധപ്പെട്ട മന്ത്രിമാരുടെ മറുപടികളും മേശപ്പുറത്ത് വച്ചു.)

**മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 47(2), ചട്ടം 236(6) അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തു വച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച**

ശ്രീ. പി.സി. ജോർജ് അവതരിപ്പിച്ച നന്ദിപ്രമേയം സഭ അംഗീകരിച്ചു.

സഭ രാവിലെ 10.25-ന് പിരിഞ്ഞു.